**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 69** **26-07-2021 - ൽ മറുപടിയ്ക്ക്**

**റവന്യൂ-ദേവസ്വം ഭൂമി കൈവശക്കാർക്ക് പട്ടയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കോവൂർ കുഞ്ഞുമോൻ,<br>ശ്രീ കെ ബി ഗണേഷ് കുമാർ,<br>ശ്രീ മാത്യു ടി. തോമസ്,<br>ശ്രീ. കെ.പി.മോഹനൻ | | Shri. K. Rajan<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പതിറ്റാണ്ടുകളായി കൈവശം വച്ചുവരുന്നതും തലമുറകളായി അനുഭവിച്ചുവരുന്നതുമായ റവന്യൂ-ദേവസ്വം ഭൂമിക്ക് പട്ടയം ലഭിക്കാത്തത് നിമിത്തം ഭൂമി കൈവശക്കാരായ സാധാരണക്കാർ അനുഭവിക്കുന്ന ദുരിതം പരിഹരിക്കുന്നതിന് എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ അറിയിക്കുമോ; | (എ) | 01.04.1964 ന് മുൻപ് മുതൽ ജന്മി കുടിയാൻ ബന്ധത്തിൽ പാട്ടവ്യവസ്ഥയിൽ ഭൂമി കൈവശം വച്ച് അനുഭവിക്കുന്ന കുടിയാൻമാർ, കുടികിടപ്പുകാർ, കാരായ്മക്കാർ എന്നിവർക്കു കൈവശം വച്ചിരിക്കുന്ന ഭൂമിയിൻമേൽ ജന്മാവകാശം ലഭിക്കാൻ അർഹതയുണ്ട്. നിയമാനുസൃതമായ ഈ അർഹത പരിശോധിച്ച് ഉത്തരവ് പാസ്സാക്കി ക്രയസർട്ടിഫിക്കറ്റ് അനുവദിക്കുന്നത് ലാൻഡ് ട്രൈബ്യൂണലുകളാണ്. കേരളത്തിൽ 17 ലാൻഡ് ട്രൈബ്യൂണലുകളാണുള്ളത്. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി ജില്ലകളിൽ ഇത്തരം കേസുകൾ എണ്ണത്തിൽ കുറവാണ്. ഇവ തീർപ്പാക്കാൻ ടി ജില്ലകളിലെ താലൂക്ക് തഹസീൽദാർമാർക്ക് ചുമതല നൽകിയിട്ടുണ്ട്. ഗവൺമെന്റിൽ നിന്ന് ആന്വിറ്റി കൈപ്പറ്റുന്ന ദേവസ്വങ്ങൾ, മറ്റു മതധർമ്മ സ്ഥാപനങ്ങൾ എന്നിവർ ജന്മികളായിവരുന്ന ഭൂമികളിൽ മേലുള്ള കുടിയായ്മ, കുടികിടപ്പ് എന്നിവ പരിശോധിച്ച് ഉത്തരവ് പാസ്സാക്കി ക്രയ സർട്ടിഫിക്കറ്റ് അനുവദിക്കേണ്ടത് ദേവസ്വം ലാൻഡ് ട്രൈബ്യൂണലുകളാണ്. എല്ലാ ജില്ലകളിലെയും, ഡെപ്യൂട്ടി കളക്ടർ (എൽ.ആർ) ആണ് ദേവസ്വം ലാൻഡ് ട്രൈബ്യൂണലുകൾ. സംസ്ഥാനത്ത് ഇപ്പോൾ 16 ദേവസ്വം ലാൻഡ് ട്രൈബ്യൂണലുകളാണുള്ളത്. (കണ്ണൂർ ജില്ലയിൽ 3 ദേവസ്വം ലാൻഡ് ട്രൈബ്യൂണൽ ഉണ്ട്.) ലാൻഡ് ട്രൈബ്യൂണലുകളിൽ തീരുമാനമെടുക്കാതെ കെട്ടികിടക്കുന്ന കേസുകൾ അടിയന്തിരമായി തീർപ്പാക്കാൻ വിവിധ പദ്ധതികൾ ആവഷ്കരിച്ചു നടപ്പിലാക്കി വരുന്നു. മുഴുവൻ ലാൻഡ് ട്രൈബ്യൂണലുകളെയും പങ്കെടുപ്പിച്ചുകൊണ്ട് ഒരു ഓൺലൈൻ യോഗം റവന്യൂ മന്ത്രിയുടെ |

| | | | |
|---|---|---|---|
| | | | സാന്നിധ്യത്തിൽ 13.07.2021ന് ചേർന്നിരുന്നു. മേഖലാടിസ്ഥാനത്തിൽ ലാൻഡ് ട്രൈബ്യൂണലുകൾക്ക് ട്രെയിനിംഗ് നൽകാൻ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ മലപ്പുറം, പാലക്കാട് ജില്ലകളിലെ ട്രൈബ്യൂണലുകൾക്കുള്ള ട്രെയിനിംഗ് 16.07.2021 ന് പാലക്കാട് വച്ച് നടന്നു. മറ്റ് മേഖലകളിലും ഇത്തരം ട്രെയിനിംഗ് പ്രോഗ്രാമുകൾ ഉടൻ നടത്തും. നിയമപ്രകാരം നടപടികൾ ലഘൂകരിക്കുവാനും രണ്ടു തവണ നോട്ടീസ് നൽകിയശേഷവും ഹാജരാകാത്ത നമ്പിമാരെ ex-parte ആയി ഉത്തരവ് പുറപ്പെടുവിക്കുവാനും തീരുമാനിച്ചിട്ടുണ്ട്. ലാൻഡ് ട്രൈബ്യൂണലുകളിൽ കെട്ടികിടക്കുന്ന ഒരു ലക്ഷത്തിലധികം കേസുകൾ സമയബന്ധിതമായി തീർപ്പാക്കി അത്രയും കുടുംബങ്ങൾക്ക് പർച്ചേസ് സർട്ടിഫിക്കറ്റ് നൽകുകയെന്നതാണ് സർക്കാരിന്റെ ലക്ഷ്യം. സംസ്ഥാനത്ത് പതിറ്റാണ്ടുകളായി കൈവശം വച്ച് വരുന്നതും തലമുറകളായി അനുഭവിച്ച് വരുന്നതുമായ റവന്യൂ ഭൂമിക്ക് പട്ടയം ലഭ്യമാക്കുന്നതിന് 1960 ലെ കേരള ഗവൺമെന്റ് ഭൂമി പതിവ് നിയമത്തിന് കീഴിലുള്ള വിവിധ ചട്ടങ്ങൾ പ്രകാരം അർഹരായ കൈവശക്കാർക്ക് നിയമാനുസൃതം ഭൂമി പതിച്ച് നൽകുന്നുണ്ട്. വർഷങ്ങളായി ഭൂമി കൈവശം വച്ച് വരുന്നവർക്ക് ഭൂമി പതിച്ച് നൽകുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തിവരുന്നു. |
| (ബി) | മക്കളുടെ വിദ്യാഭ്യാസം, രോഗചികിത്സ തുടങ്ങിയ ആവശ്യങ്ങൾക്ക് വായ്പ ലഭ്യമാകുന്നത് പോലും അസാധ്യമാകുന്നത് നിമിത്തം കോവിഡ് കാലത്ത് പ്രസ്തുത ഭൂമി കൈവശക്കാർ അനുഭവിക്കുന്ന ദുരിതം പരിഹരിക്കുന്നതിന് സമയബന്ധിതമായും മുൻഗണനയോടെയും പരിശോധനകൾ ത്വരിതപ്പെടുത്തി പട്ടയം നൽകുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വിശദാംശങ്ങൾ സഹിതം വ്യക്തമാക്കാമോ? | (ബി) | 01.04.1964 ന് മുൻപ് മുതൽ ജന്മി കുടിയാൻ ബന്ധത്തിൽ പാട്ടവ്യവസ്ഥയിൽ ഭൂമി കൈവശം വച്ച് അനുഭവിക്കുന്ന കുടിയാൻമാർ, കുടികിടപ്പുകാർ, കാരായ്മക്കാർ എന്നിവർക്കു കൈവശം വച്ചിരിക്കുന്ന ഭൂമിയിൻമേൽ ജന്മാവകാശം ലഭിക്കാൻ അർഹതയുണ്ട്. നിയമാനുസൃതമായ ഈ അർഹത പരിശോധിച്ച് ഉത്തരവ് പാസ്സാക്കി ക്രയസർട്ടിഫിക്കറ്റ് അനുവദിക്കുന്നത് ലാൻഡ് ട്രൈബ്യൂണലുകളാണ്. കേരളത്തിൽ 17 ലാൻഡ് ട്രൈബ്യൂണലുകളാണുള്ളത്. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി ജില്ലകളിൽ ഇത്തരം കേസുകൾ എണ്ണത്തിൽ കുറവാണ്. ഇവ തീർപ്പാക്കാൻ ടി ജില്ലകളിലെ താലൂക്ക് തഹസീൽദാർമാർക്ക് ചുമതല നൽകിയിട്ടുണ്ട്. ഗവൺമെന്റിൽ നിന്ന് ആമ്പിറ്റി കൈപ്പറ്റുന്ന ദേവസ്വങ്ങൾ, മറ്റ് മതധർമ്മ സ്ഥാപനങ്ങൾ എന്നിവർ ജന്മികളായിവരുന്ന ഭൂമികളിൽ മേലുള്ള കുടിയായ്മ, കുടികിടപ്പ് എന്നിവ പരിശോധിച്ച് ഉത്തരവ് പാസ്സാക്കി ക്രയ സർട്ടിഫിക്കറ്റ് അനുവദിക്കേണ്ടത് ദേവസ്വം ലാൻഡ് ട്രൈബ്യൂണലുകളാണ്. എല്ലാ ജില്ലകളിലെയും, |

| | | | |
|---|---|---|---|
| | | | ഡെപ്യൂട്ടി കളക്ടർ (എൽ.ആർ) ആണ് ദേവസ്വം ലാൻഡ് ട്രൈബ്യൂണലുകൾ. സംസ്ഥാനത്ത് ഇപ്പോൾ 16 ദേവസ്വം ലാൻഡ് ട്രൈബ്യൂണലുകളാണുള്ളത്. (കണ്ണൂർ ജില്ലയിൽ 3 ദേവസ്വം ലാൻഡ് ട്രൈബ്യൂണൽ ഉണ്ട്.) ലാൻഡ് ട്രൈബ്യൂണലുകളിൽ തീരുമാനമെടുക്കാതെ കെട്ടികിടക്കുന്ന കേസുകൾ അടിയന്തിരമായി തീർപ്പാക്കാൻ വിവിധ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നു. മുഴുവൻ ലാൻഡ് ട്രൈബ്യൂണലുകളെയും പങ്കെടുപ്പിച്ചുകൊണ്ട് ഒരു ഓൺലൈൻ യോഗം റവന്യൂ മന്ത്രിയുടെ സാന്നിധ്യത്തിൽ 13.07.2021ന് ചേർന്നിരുന്നു. മേഖലാടിസ്ഥാനത്തിൽ ലാൻഡ് ട്രൈബ്യൂണലുകൾക്ക് ട്രെയിനിംഗ് നൽകാൻ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ മലപ്പുറം, പാലക്കാട് ജില്ലകളിലെ ട്രൈബ്യൂണലുകൾക്കുള്ള ട്രെയിനിംഗ് 16.07.2021 ന് പാലക്കാട് വച്ച് നടന്നു. മറ്റ് മേഖലകളിലും ഇത്തരം ട്രെയിനിംഗ് പ്രോഗ്രാമുകൾ ഉടൻ നടത്തും. നിയമപ്രകാരം നടപടികൾ ലഘൂകരിക്കുവാനും രണ്ടു തവണ നോട്ടീസ് നൽകിയശേഷവും ഹാജരാകാത്ത നമ്പിമാരെ ex-parte ആയി ഉത്തരവ് പുറപ്പെടുവിക്കുവാനും തീരുമാനിച്ചിട്ടുണ്ട്. ലാൻഡ് ട്രൈബ്യൂണലുകളിൽ കെട്ടികിടക്കുന്ന ഒരു ലക്ഷത്തിലധികം കേസുകൾ സമയബന്ധിതമായി തീർപ്പാക്കി അത്രയും കുടുംബങ്ങൾക്ക് പർച്ചേസ് സർട്ടിഫിക്കറ്റ് നൽകുകയെന്നതാണ് സർക്കാരിന്റെ ലക്ഷ്യം. സംസ്ഥാനത്ത് പതിറ്റാണ്ടുകളായി കൈവശം വച്ചു വരുന്നതും തലമുറകളായി അനുഭവിച്ചു വരുന്നതുമായ റവന്യൂ ഭൂമിക്ക് പട്ടയം ലഭ്യമാക്കുന്നതിന് 1960 ലെ കേരള ഗവൺമെന്റ് ഭൂമി പതിവ് നിയമത്തിന് കീഴിലുള്ള വിവിധ ചട്ടങ്ങൾ പ്രകാരം അർഹരായ കൈവശക്കാർക്ക് നിയമാനുസൃതം ഭൂമി പതിച്ചു നൽകുന്നുണ്ട്. വർഷങ്ങളായി ഭൂമി കൈവശം വച്ചു വരുന്നവർക്ക് ഭൂമി പതിച്ചു നൽകുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തി വരുന്നു. |

സെക്ഷൻ ഓഫീസർ